**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2016** | **05.12.2018-ൽ മറുപടിക്ക്**

**പ്രളയാനന്തര നവകേരള നിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയാനന്തര നവകേരള നിർമ്മാണത്തിന് എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് ലോകബാങ്കും ഐക്യ രാഷ്ട്രസഭയും കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | പ്രളയാനന്തര നവകേരള നിർമ്മാണത്തിന് 31000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായാണ് യു.എൻ. ഏജൻസികൾ കണക്കാക്കിയിട്ടുള്ളത്. |
| (ബി) | പ്രളയാനന്തര പുനർനിർമ്മാണ ത്തിനായി വിദേശ രാജ്യങ്ങളിൽ പോയി എത്ര ഫണ്ട് സമാഹരിക്കു വാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെന്നും ഇതിനായുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണമെന്താണെന്നും വ്യക്തമാ ക്കാമോ; | (ബി), (സി), (ഡി), (ഇ), (എഫ്) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പ്രളയാനന്തര പുനർനിർമ്മാണ ത്തിനായി ദേശീയ ദുരന്ത ലഘൂകരണ നിധിയിൽ നിന്നും എത്ര കോടി രൂപ സംസ്ഥാനം ആവശ്യപ്പെട്ടു; ആയതിൽ നാളിതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | നവകേരള നിർമ്മാണത്തിനായി കൂടുതൽ കടമെടുക്കാൻ സംസ്ഥാനത്തെ അനുവദിയ്ക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ എന്ത് നടപടി സ്വീകരിച്ചു; ആവശ്യം അംഗീകരിച്ചാൽ ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ വായ്പ എടുക്കുവാൻ സംസ്ഥാനത്തിന് കഴിയുമായിരുന്നു; വിശദാംശം നൽകുമോ; | | |
| (ഇ) | നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് ലോകബാങ്കിൽ നിന്നും സംസ്ഥാനം എത്ര കോടി രൂപയുടെ വായ്പ ആവശ്യപ്പെട്ടിട്ടുണ്ട്; ആയതിൽ എത്ര കോടി രൂപ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | | |
| (എഫ്) | പ്രളയാനന്തരം നവകേരള നിർമ്മാണത്തിന് സഹായം നൽകുന്ന കാര്യത്തിൽ ഗുരുതര അലംഭാവമാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തോട് കാട്ടുന്നതെന്ന വസ്തുത കേരളീയരെ അറിയിക്കാൻ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ